**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5716** **18.11.2019 - ൽ മറുപടിക്ക്.**

**റേഷൻ കടകൾ വഴി പ്രതിമാസം വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെയും, മണ്ണെണ്ണയുടെയും വിശദാംശങ്ങൾ**

ചോദ്യം

**ശ്രീ.കെ. ദാസൻ :**

മറുപടി

**ശ്രീ. പി. തിലോത്തമൻ**

**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

**(എ)** സംസ്ഥാനത്തെ റേഷൻ കടകൾ വഴി പ്രതിമാസം വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെയും, മണ്ണെണ്ണയുടെയും നിരക്ക്, അളവ് എന്നിവ വിവിധവിഭാഗത്തിലെ കാർഡുകൾക്ക് ഓരോന്നിനും എത്രയാണെന്ന് വിശദമാക്കുന്ന വിവരങ്ങൾ പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ;

**(എ)** പട്ടിക അനുബന്ധമായി ചേർക്കുന്നു.

**(ബി)** സംസ്ഥാനത്തെ റേഷൻകടകൾ വഴി വിതരണം ചെയ്യേണ്ടുന്ന മണ്ണെണ്ണയുടെ കേന്ദ്രവിഹിതത്തിന്റെ, കഴിഞ്ഞ 10 വർഷത്തെ കണക്ക് പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ?

**(ബി)** പട്ടിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ലഭ്യമായ മണ്ണെണ്ണയുടെ അളവ് (in KL) |
|---|---|
| 2009-10 | 216330 |
| 2010-11 | 175153 |
| 2011-12 | 153404 |
| 2012-13 | 125196 |
| 2013-14 | 120192 |
| 2014-15 | 120180 |
| 2015-16 | 117780 |
| 2016-17 | 88344 |
| 2017-18 | 58716 |
| 2018-2019 | 55632 |

2019-20 സാമ്പത്തിക വർഷത്തിൽ ഒന്നാം പാദത്തിൽ 13908 KL, രണ്ടാം പാദത്തിലും മൂന്നാം പാദത്തിലും 9264 KL വീതവും ലഭ്യമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ഇനം | ഓരോ വിഭാഗങ്ങൾക്കുമുള്ള പ്രതിമാസ വിതരണക്രമം (2019 നവംബർ മാസം ആധാരമാക്കിയിട്ടുള്ളത്) | | | |
|---|---|---|---|---|
| | എ.എ. വൈ | എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗം (priority) | മുൻഗണനേതര വിഭാഗം - സബ്സിഡി (NPS) | മുൻഗണനേതര വിഭാഗം നോൺ സബ്സിഡി (NPNS) |
| **അരി** | ഓരോ കാർഡിനും 30 കി.ഗ്രാം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം (കി.ഗ്രാമിന് 2/- രൂപ നിരക്കിൽ) | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം (കി.ഗ്രാമിന് 4/- രൂപ നിരക്കിൽ) | ഓരോ കാർഡിനും 3 കി.ഗ്രാം (കി.ഗ്രാമിന് 10.90/- രൂപ നിരക്കിൽ) |
| **ഗോതമ്പ്** | ഓരോ കാർഡിനും 5 കി.ഗ്രാം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം (കി.ഗ്രാമിന് 2/- രൂപ നിരക്കിൽ) | ഇല്ല | ഇല്ല |
| **ആട്ട** | ഇല്ല | ഇല്ല | കാർഡിന് 3 അല്ലെങ്കിൽ 2 കി.ഗ്രാം വീതം (ലഭ്യതയനുസരിച്ച് കി.ഗ്രാമിന് 17/- രൂപ നിരക്കിൽ) | കാർഡിന് 3 അല്ലെങ്കിൽ 2 കി.ഗ്രാം വീതം (ലഭ്യതയനുസരിച്ച് കി.ഗ്രാമിന് 17/- രൂപ നിരക്കിൽ) |
| **പഞ്ചസാര** | ഓരോ കാർഡിനും 1 കി.ഗ്രാം വീതം (കി.ഗ്രാമിന് 21 രൂപ നിരക്കിൽ) | ഇല്ല | ഇല്ല | ഇല്ല |
| **മണ്ണെണ്ണ** | എല്ലാ വൈദ്യുതീകരിച്ച വീട്ടുകൾക്കും 1/2 ലിറ്റർ വീതവും വൈദ്യുതീകരിക്കാത്ത വീട്ടുകൾക്ക് 4 ലിറ്റർ വീതവും ലിറ്ററിന് 39/- രൂപ നിരക്കിൽ നൽകി വരുന്നു. | | | |

**സെക്ഷൻ ഓഫീസർ**